(ബി) എങ്കിൽ എന്നാണ് നിവേദനം ലഭിച്ചത്; ഇതിൻമേൽ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) നഷ്ടപരിഹാരത്തുക കുടുംബത്തിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ജയിലിൽ കൊലചെയ്യപ്പെട്ട രവീന്ദ്രന്റെ ആശ്രിതരിൽ ഒരാൾക്ക് ജോലി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) "മരണപരിഷ്കാര വേദി" കോഴിക്കോട് ജില്ലാ കമ്മിറ്റി സെക്രട്ടറി ശ്രീ. കെ. കെ. ജയകുമാറിന്റെ 10-4-2004-ലെ നിവേദനവും കോഴിക്കോട് മരണപരിഷ്കാര വേദി സെക്രട്ടറി ശ്രീ. എം. എൻ. സന്തോഷിന്റെ 17-4-2004-ലെ നിവേദനവും മേപ്പയൂർ എം. എൽ. എ. അഡ്വക്കേറ്റ് മത്തായി ചാക്കോയുടെ 10-4-2004-ലെ ഒരു കത്തും ലഭിച്ചിട്ടുണ്ട്. കൂടാതെ ശ്രീ. കെ. പി. രവീന്ദ്രന്റെ മാതാവിന്റെയും ഭാര്യയുടേയും നിവേദനവും ലഭിച്ചിട്ടുണ്ട്. മരണപ്പെട്ട ശ്രീ. കെ. പി. രവീന്ദ്രന്റെ കുടുംബത്തിന് നഷ്ടപരിഹാരമായി 30,000 (മുപ്പതിനായിരം) രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## ഫാദർ ജോബ് ചിറ്റിലപ്പിള്ളിയുടെ വധം സംബന്ധിച്ച കേസന്വേഷണം

45 [808] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിലെ തുരുത്തിപ്പറമ്പ് പള്ളി വികാരി ഫാദർ ജോബ് ചിറ്റിലപ്പിള്ളിയുടെ വധം സംബന്ധിച്ച കേസന്വേഷണം ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ;

(ബി) ഈ കേസന്വേഷണം സി. ബി. ഐ. ക്ക് കൈമാറാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഫാദർ ജോബ് ചിറ്റിലപ്പിള്ളിയുടെ കൊലപാതകവുമായി ബന്ധപ്പെട്ട ക്രൈംബ്രാഞ്ച് അന്വേഷണം (ക്രൈം നമ്പർ 358/സ്പി.ആർ./04) നടത്തിവരുന്നു. കുറ്റകൃത്യം നടത്തിയ രഘുകുമാർ എന്നയാളെ 7-9-2004-ന് അറസ്റ്റ് ചെയ്തു. രഘുകുമാറിനെ കൂടാതെ വേറെ കുറ്റവാളികളും ഉണ്ടോ എന്നറിയുന്നതിനായി ബാംഗ്ലൂർ എഫ്.എസ്.എൽ.-ൽ ബ്ലഡ് സ്റ്റെയിൻ മാപ്പിങ്, പോളിഗ്രാഫ് ടെസ്റ്റ്, നർക്കോ അനാലിസിസ് പരിശോധനകളും നടത്തിയിട്ടുണ്ട്. അവയുടെ റിസൾട്ട് കിട്ടുന്ന മുറയ്ക്ക് കേസിന്റെ അന്വേഷണം പൂർത്തിയാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ക്രൈംബ്രാഞ്ച് അന്വേഷണം കാര്യക്ഷമമായി നടത്തിവരുന്നതിനാലും അന്വേഷണം അന്തിമ ഘട്ടത്തിലായതിനാലും സി. ബി. ഐ. അന്വേഷണം നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കരിപ്പൂരിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുവാൻ നടപടി

46 [809] ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ എയർപോർട്ട് സ്ഥിതി ചെയ്യുന്ന കരിപ്പൂർ പ്രദേശത്ത് പുതുതായി അനുവദിച്ച പോലീസ് സ്റ്റേഷൻ ഇതുവരെ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് എന്നു വ്യക്തമാക്കാമോ;

(സി) ഈ പോലീസ് സ്റ്റേഷൻ എന്ന് പ്രവർത്തനമാരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പ്രസ്തുത പോലീസ് സ്റ്റേഷൻ ആരംഭിക്കുവാൻ ത്വരിത ഗതിയിൽ നടപടികൾ എടുത്തുവരികയാണ്.

(ബി) 26-6-2004-ലെ ജി. ഒ. (എം. എസ്.) നമ്പർ 229/04/ ആഭ്യന്തരം എന്ന ഉത്തരവ് പ്രകാരം കരിപ്പൂർ പോലീസ് സ്റ്റേഷൻ അനുവദിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം അനുവദിക്കാൻ നിർവ്വാഹമില്ല എന്ന് എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പോലീസ് സ്റ്റേഷനു വേണ്ട സ്ഥലം കണ്ടെത്തുവാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പോലീസ് സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ കെട്ടിടവും സ്ഥല സൗകര്യങ്ങളും ലഭ്യമായാലുടനെ പോലീസ് സ്റ്റേഷന്റെ പ്രവർത്തനമാരംഭിക്കുന്നതിന് സാധിക്കുന്നതാണ്.

## പമ്പാവാലി പ്രദേശം എരുമേലി പോലീസ് സ്റ്റേഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി

47 [810] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാവാലി പ്രദേശം പമ്പ പോലീസ് സ്റ്റേഷന്റെ പരിധിയിൽ നിന്നും മാറ്റി എരുമേലി പോലീസ് സ്റ്റേഷന്റെ പരിധിയിൽ കൊണ്ടുവരുന്നത് സംബന്ധിച്ച് എം. എൽ. എ. നൽകിയ അപേക്ഷയിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly